www.snbssamajam.in Phone : 2820666


# S.N.B.S. SAMAJAM

Irinjalakuda

Reg.No.5/1103

## ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം

ഇരിങ്ങാലക്കുട



..................2026...............

## 98-ാം വാർഷിക പൊതുയോഗം നോട്ടീസ്

# ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജം (രജി.) ഇരിങ്ങാലക്കുട

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജത്തിന്റെ 2026-2028 വർഷങ്ങളിലെ ഭരണകമ്മിറ്റിയിലേക്കുള്ള പതിനഞ്ചംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2026 ജൂലൈ 12-ാം തിയ്യതി ഞായറാഴ്ച സമാജം നിയമാവലി 9-ാം വകുപ്പ് പ്രകാരമുള്ള തിരിഞ്ഞെടുപ്പ് ചട്ടങ്ങളനുസരിച്ച് നടത്തുന്നതാണ്.

തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അർഹതയുള്ള അംഗങ്ങളുടെ കരട് വോട്ടർ പട്ടിക എസ്.എൻ.ബി.എസ്. സമാജം ഭരണസമിതി നോട്ടീസ് ബോർഡിൽ 2026 ജൂൺ 6-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് പ്രസിദ്ധീകരിക്കുന്നതും ആയതിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ 2026 ജൂൺ 11-ാം തിയ്യതി വ്യാഴാഴ്ച പകൽ 12 മണിക്ക് മുമ്പായി സമാജം ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. പരാതികൾ പരിശോധിച്ച ശേഷം സമാജം മെമ്പർമാരുടെ അവസാന വോട്ടർപട്ടിക 2026 ജൂൺ 16-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് എസ്.എൻ.ബി.എസ്. സമാജം ഭരണസമിതി നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ആകെ പതിനഞ്ചംഗങ്ങളെ തിരഞ്ഞെടുക്കാനുള്ളതുകൊണ്ട് ഓരോ വോട്ടർക്കും പതിനഞ്ച് വോട്ടുകൾ രേഖപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(A) ജനറൽ 11,  (B)  (പ്രാദേശികം 4

സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷയിന്മേൽ നാമ നിർദ്ദേശപത്രികകൾ 2026 ജൂൺ 17-ാം തിയ്യതി ബുധൻ മുതൽ 2026 ജൂൺ 19-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 11 മണി വരെ നൽകുന്നതാണ്.

തിരഞ്ഞെടുക്കുന്ന മെമ്പർമാരിൽ ടൗൺ പടിഞ്ഞാട്ടുമുറി, പുല്ലൂർ, കോമ്പാറ, തുറവൻകാട് എന്നീ പ്രദേശത്തുകാരായി ഒരാൾ വീതം ഉണ്ടായിരിക്കേണ്ടതാണ്. നാമ നിർദ്ദേശപത്രികകളിൽ (A) ജനറലിലേക്കാണോ (B) ഒരു പ്രത്യേക പ്രദേശത്തേക്കാണോ എന്ന് ചേർക്കേണ്ടതാണ്.

ഒരു സ്ഥാനാർത്ഥിക്ക് ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻ പാടുള്ളതല്ല. നാമനിർദ്ദേശ പത്രികയിൽ പ്രസിദ്ധീകരിച്ച അംഗലിസ്റ്റിലെ ഒരാൾ നിർദ്ദേശകൻ എന്ന നിലയിലും മറ്റൊരാൾ പിന്താങ്ങുന്ന ആൾ എന്ന നിലയിലും ഒപ്പിട്ടിരിക്കേണ്ടതാണ്. കൂടാതെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിൽക്കാൻ തയ്യാറാണെന്ന പ്രഖ്യാപനത്തിൽ സ്ഥാനാർത്ഥിയും ഒപ്പിട്ടിരിക്കണം.

2026 ജൂൺ 20-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ സമാജം ആഫീസിൽ വെച്ച് റിട്ടേണിംഗ് ഓഫീസർ നാമ നിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതാണ്.

2026 ജൂൺ 22-ാം തിയ്യതി തിങ്കളാഴ്ച 3 മണിക്ക് നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന നടത്തി സ്വീകരിച്ചവരുടെ അവസാന ലിസ്റ്റ് പരസ്യപ്പെടുത്തുന്നതായിരിക്കും 2026 ജൂൺ 24-ാം തിയ്യതി ബുധനാഴ്ച 3 മണി വരെ സ്ഥാനാർത്ഥികൾക്ക് തങ്ങളുടെ നാമനിർദ്ദേശപത്രികകൾ പിൻവലിക്കാവുന്നതാണ്.

ഏതെങ്കിലും സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് ആവശ്യമില്ലാതെ വരികയാണെങ്കിൽ അന്നു തന്നെ ഇക്കാര്യം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മത്സരമുണ്ടാകുന്നപക്ഷം 2026 ജൂലൈ 12-ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മണി മുതൽ 1 മണി വരെ സമാജം മിനിഹാളിൽ വെച്ച് രഹസ്യ ബാലറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതും അന്നുതന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതുമാണ്.

**മെമ്പർമാർ വോട്ട് രേഖപ്പെടുത്തുവാൻ വരുമ്പോൾ സമാജം തിരിച്ചറിയൽ കാർഡോ ഇലക്ഷൻ കമ്മീഷൻ അംഗീകരിക്കുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡോ കൊണ്ടുവരേണ്ടതാണ്.**

ഇരിങ്ങാലക്കുട
30-05-2026

(ഒപ്പ്)
അഡ്വ.എ.എം.പ്രകാശൻ
ഇരിങ്ങാലക്കുട
റിട്ടേണിംഗ് ഓഫീസർ

# എസ്.എൻ.ബി.എസ്. സമാജം (രജി.) ഇരിങ്ങാലക്കുട

## (ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)

# 98 -ാം വാർഷിക പൊതുയോഗം നോട്ടീസ്

മാന്യ ശ്രീനാരായണീയരെ,

എസ്.എൻ.ബി.എസ്. സമാജത്തിന്റെ 98-ാം വാർഷിക പൊതുയോഗം **2026 ജൂലായ് 12-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീനാരായണ ഹാളിൽ വെച്ച്** പ്രസിഡണ്ട് **ശ്രീ.കിഷോർകുമാർ നടുവളപ്പിൽ** അവർകളുടെ അദ്ധ്യക്ഷതയിൽ അന്യത്ര ചേർത്തിരിക്കുന്ന കാര്യപരിപാടികളനുസരിച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. യോഗത്തിൽ താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇരിങ്ങാലക്കുട (ഒപ്പ്)

30-05-2026 **വിശ്വംഭരൻ മുക്കുളം**

(സെക്രട്ടറി)

**ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| 1. | **ശ്രീ.കിഷോർകുമാർ നടുവളപ്പിൽ** | പ്രസിഡണ്ട് |
| 2. | **ശ്രീ.ഷിജിൻ തവരങ്ങാട്ടിൽ** | വൈസ് പ്രസിഡണ്ട് |
| 3. | **ശ്രീ.വിശ്വംഭരൻ മുക്കുളം** | സെക്രട്ടറി |
| 4. | **ശ്രീ. ദിനേഷ്കുമാർ എളന്തോളി** | ജോ.സെക്രട്ടറി |
| 5. | **ശ്രീ.വേണു തോട്ടുങ്ങൽ** | ട്രഷറർ |
| 6. | **ശ്രീ.രാമാനന്ദൻ ചെറാക്കുളം** | കമ്മിറ്റി മെമ്പർ |
| 7. | **ശ്രീ. സോമസുന്ദരൻ കൊളത്തുപറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 8. | **ശ്രീ. ഗോപി മണമാടത്തിൽ** | കമ്മിറ്റി മെമ്പർ |
| 9. | **ശ്രീ. ചന്ദ്രൻ.കെ.കെ.** | കമ്മിറ്റി മെമ്പർ |
| 10. | **ശ്രീ. സുനിൽകുമാർ പീടികപ്പറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 11. | **ശ്രീ. സുനിൽ ചെറാക്കുളം** | കമ്മിറ്റി മെമ്പർ |
| 12. | **ശ്രീ. സുരേഷ്ബാബു കൂവ്വക്കാട്ടിൽ** | കമ്മിറ്റി മെമ്പർ |
| 13. | **ശ്രീ. ബോസ് തണ്ടാശ്ശേരി** | കമ്മിറ്റി മെമ്പർ |
| 14. | **ശ്രീ. സുരേന്ദ്രൻ ചാണാടിക്കൽ** | കമ്മിറ്റി മെമ്പർ |
| 15. | **ശ്രീ. മോഹനൻ മടത്തിക്കര** | കമ്മിറ്റി മെമ്പർ |

**ഇന്റേണൽ ഓഡിറ്റേഴ്സ്**

**ശ്രീ.രാജേഷ് കോട്ടപ്പുറം & ശ്രീ.സജീവ്കുമാർ തുമ്പരത്തി**

**ലീഗൽ അഡ്വൈസർ**

**അഡ്വ. നളൻ ടി. നാരായണൻ**

**ഓഡിറ്റർ**

**ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട**

# 2026 ജൂലായ് മാസം 12-ാം തിയ്യതിയിലെ
# വാർഷിക പൊതുയോഗത്തിന്റെ
# കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചന പ്രമേയം
4. 2025 ജൂൺ 29-ാം തിയ്യതി ചേർന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കുക
5. അദ്ധ്യക്ഷ പ്രസംഗം
6. 2025-26 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ച് അംഗീകരിക്കുക
7. 2025-26 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും വായിച്ച് അംഗീകരിക്കുക.
8. 2025-26 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കുക.
9. 2026-27 വർഷത്തെ ബഡ്ജറ്റുകൾ വായിച്ച് പാസ്സാക്കുക.
10. പ്രമേയങ്ങളും ചോദ്യങ്ങളും
11. 2026-2027 വർഷത്തേക്കുള്ള ഓഡിറ്റർമാരെ തിരഞ്ഞെടുക്കുക.
12. കമ്മിറ്റി ഹാജരാക്കുന്ന മറ്റുകാര്യങ്ങൾ
13. ഉപസംഹാരം
14. കൃതജ്ഞത

NB :
1. ഫോട്ടോ പതിച്ച സമാജം ഐഡന്റിറ്റി കാർഡ് കൊടുത്തുവരുന്നുണ്ട് മെമ്പർമാർ 2 പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഓഫീസിൽ വന്ന് ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്.
2. പൊതുയോഗത്തിന് സമർപ്പിക്കാനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 03-07-2026 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് മുമ്പായി സമാജം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാകുന്നു.
3. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സമാജത്തിൽ നൽകാവുന്നതാണ്.
4. തറയിൽ രാമൻ കൃഷ്ണൻകുട്ടി മെമ്മോറിയൽ എൻഡോവ്മെന്റിനു വേണ്ടി സമാജം അംഗങ്ങളുടെ മക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്.

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (രജി.)

## 2025-26 വർഷത്തെ

# പ്രവർത്തന റിപ്പോർട്ട്

മാന്യ മെമ്പർമാരെ,

സമാജത്തിന്റെ 2025-26 കാലഘട്ടത്തിലെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തറിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ആദരപൂർവ്വം സമർപ്പിക്കട്ടെ.

സമാജത്തിന്റെ 97-ാമത് വാർഷികപൊതുയോഗം 2025 ജൂൺ 29-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് സമാജം പ്രസിഡണ്ട് ശ്രീ കിഷോർകുമാർ നടുവളപ്പിൽ അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമാജം മേൽശാന്തി മണി ശാന്തിയുടെ ഗുരുദേവ പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. റിപ്പോർട്ട് കാലയളവിൽ അന്തരിച്ച മാന്യ മെമ്പർമാരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് സമാജം സെക്രട്ടറി ശ്രീ.വിശ്വംഭരൻ മുക്കുളം യോഗത്തിൽ ഹാജരായ മുഴുവൻ അംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി മുൻ വർഷത്തെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കി. തുടർന്ന് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം സെക്രട്ടറി കഴിഞ്ഞ വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

എല്ലാ അംഗങ്ങളുടെയും കൂട്ടായ്മയുടേയും സഹകരണത്തോടും കൂടിയാണ് വാർഷികപൊതുയോഗം നടന്നത്. പൊതുയോഗത്തിൽ 2025-2026 വർഷത്തെ ഇന്റേണൽ ഓഡിറ്റർമാരായി ശ്രീ.രാജേഷ് കോട്ടപ്പുറം, ശ്രീ.സജീവ്കുമാർ തുമ്പരത്തി എന്നിവരെ വോട്ടെടുപ്പിലൂടെയും M/s.ഉണ്ണികൃഷ്ണൻ & കമ്പനി ചാർട്ടേഡ് അക്കൗണ്ടൻസ് ഇരിങ്ങാലക്കുട ഓഡിറ്ററായും ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

**കുറികൾ**

സമാജം നടത്തിവരുന്ന കുറികൾ എല്ലാം വട്ടമെത്തി അവസാനിച്ചു.

**അംഗങ്ങൾ**

സമാജത്തിൽ ഈ റിപ്പോർട്ട് വർഷം പുതിയതായി 152 പേരെ ചേർക്കുകയുണ്ടായി. ഇപ്പോൾ മൊത്തം 2734 അംഗങ്ങളാണ് നിലവിലുള്ളത്.

**ക്ഷേത്ര ഭരണം:**

ക്ഷേത്രത്തിൽ പൂജാദികർമ്മങ്ങളും മറ്റും മേൽശാന്തി മണിശാന്തിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടന്നുവരുന്നുണ്ട്. ഭക്തജനങ്ങളുടെ സാന്നിദ്ധ്യം മുൻ വർഷങ്ങളെക്കാൾ വളരെയധികം വർദ്ധിച്ചു വന്നിട്ടുണ്ടെന്ന് അംഗങ്ങളെ അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. കർക്കിടകമാസത്തിലെ ആനയൂട്ടിലും അഷ്ടദ്രവ്യമഹാഗണപതിഹോമത്തിലും ഭഗവതിസേവയിലും ഔഷധ കഞ്ഞി വിതരണത്തിലും ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യം ഏറെ ചാരിതാർത്ഥ്യം ഉളവാക്കുന്നു. കർക്കിടകമാസത്തിലെ വാവുബലി, തുലാമാസത്തിലെ വാവുബലി, ശിവരാത്രി ബലി, എന്നിവക്ക് വൻ ജനതിരക്ക് അനുഭവപ്പെട്ടു. കന്നിമാസത്തിലെ നവരാത്രി മഹോത്സവം, മണ്ഡലപൂജ മഹോത്സവം, ദേശവിളക്ക്, ദീപാവലി, ഷഷ്ഠി, ആയില്യപൂജ തുടങ്ങിയ വിശേഷാൽ ചടങ്ങുകൾ ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യത്തോടെ ഭംഗിയായിനടത്തുവാൻ സാധിച്ചു. 2025 നവംബർ 19 (വൃശ്ചികം 3) ബുധനാഴ്ച ദേശവിളക്ക് മഹോത്സവം 3 അമ്പലം പൂട്ടി ഭംഗിയായി നടത്തിയ ദേശവിളക്ക് കമ്മിറ്റിക്ക് എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിക്കട്ടെ. എല്ലാ മാസത്തിലെയും ആദ്യത്തെ വെള്ളിയാഴ്ച ക്ഷേത്രത്തിൽ ദേവീപൂജയും ആനപന്തലിൽ ഭജനയും നടന്നുവരുന്നു.

**നവീകരണ പ്രവർത്തനങ്ങൾ :**

ശാന്തിമഠത്തിന്റെ മുൻവശം ടൈൽസ് വിരിച്ച് മുകൾഭാഗം ഷീറ്റിട്ട് പുതുക്കി പണിയുകയും മിനിഹാളിന്റെ മുകൾ ഭാഗത്ത് കാലപ്പഴക്കം കൊണ്ട് ബലക്ഷയം സംഭവിച്ചതുമൂലം പാരപ്പെറ്റ് കെട്ടി കോൺക്രീറ്റ് ചെയ്യുകയും അകത്ത് 2 പുതിയ ബാത്ത്റൂമുകൾ പണിയുകയും ചെയ്തു. എസ്.എൻ.വൈ.എസിന്റെ കെട്ടിട

ത്തിലുള്ള ടോയ്‌ലറ്റ് പുതിയ ടൈൽസ് ഇട്ട് നവീകരിക്കുകയും ചെയ്തു. ക്ഷേത്രത്തിലെ പ്രധാന കവാടം മുതൽ ക്ഷേത്രനടപ്പാത വരെ പുതിയ ടൈൽസ് വിരിച്ച് നവീകരിക്കുകയുണ്ടായി. ക്ഷേത്രത്തിന്റെ അകത്തെ ബലിക്കല്ലുകളും മയിൽവാഹനവും പിച്ചളകൊണ്ട് പൊതിയുകയുണ്ടായി. ടി. പണി ക്ഷേത്രമാതൃസംഘത്തിന്റെ വകയായാണ് ചെയ്തത്.

**മാതൃസംഘം**

തികച്ചും മാതൃകാപരമായി തന്നെയാണ് ക്ഷേത്രത്തിലെ മാതൃസംഘത്തിന്റെ പ്രവർത്തനമെന്ന് പറയുന്നതിൽ ഏറെ സന്തോഷമുണ്ട്. ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്ല നിലയിൽ സഹകരിച്ച് പ്രവർത്തിച്ചു വരുന്ന മാതൃസംഘത്തിന്റെ എല്ലാ സഹോദരിമാരോടും സമാജം കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തട്ടെ. വിശേഷാൽ ദിവസങ്ങളിൽ മാതൃസംഘം പ്രവർത്തകരുടെ നിറസാന്നിദ്ധ്യം ക്ഷേത്രത്തിന് ഏറെ ഗുണകരമായി അനുഭവപ്പെടുന്നുണ്ട്. ഷഷ്ഠിമഹോത്സവത്തിന് മാതൃസംഘത്തിന്റെ പ്രവർത്തനത്തെ മുക്തകണ്ഠം പ്രശംസിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. അവസരോചിതമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്ന മാതൃസംഘത്തിന്റെ എല്ലാവിധ നല്ല പ്രവർത്തനങ്ങൾക്കും സമാജത്തിന്റെ എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്യുന്നു.

**ബാലമുരുക സേവാസംഘം**

ക്ഷേത്രസംബന്ധമായ എല്ലാ പ്രവർത്തനങ്ങളിലും ബാലമുരുക സേവാസംഘത്തിന്റെ സജീവ പങ്കാളിത്തവും സഹകരണവും ലഭിക്കുന്നുണ്ട്.

**ഗുരുമന്ദിരം**

ശ്രീ പോളശ്ശേരി സുധാകരൻ അവർകൾ സമാജത്തിന് സമർപ്പിച്ച ഗുരുന്ദിരത്തിൽ എല്ലാ മാസത്തിലെയും ചതയദിനത്തിൽ പ്രത്യേകപൂജയും സർവ്വൈശ്വര്യപൂജയും, സമൂഹപ്രാർത്ഥനയും, ഗുരുദേവ പ്രഭാഷണവും അതിനുശേഷം പ്രസാദഊട്ടും, നടത്തിവരുന്നു ചതയദിന ഗുരുപൂജയും പ്രസാദഊട്ടും വഴിപാടായി നടത്തുവാൻ സമാജം അംഗങ്ങൾ മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു. ഗുരുദേവദർശനങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഗുരുദേവ കൃതികളുടെ പഠനക്ലാസ്സ് നടത്തുകയുണ്ടായി.

**നടപ്പന്തൽ**

ശ്രീ തറയിൽ ബാലൻ അവർകളുടെ സ്മരണക്കായി അവരുടെ കുടുംബാംഗങ്ങൾ പണികഴിപ്പിച്ച് സമർപ്പിച്ച നടപന്തലിൽ ധാരാളം വിവാഹങ്ങളും ക്ഷേത്ര സംബന്ധമായ മറ്റു ചടങ്ങുകളും നടന്നുവരുന്നുണ്ട്.

**ശ്രീനാരായണഹാളും, ഡൈനിംഗ് ഹാൾ**

എസ്.എൻ.ബി.എസ്. സമാജത്തിന്റെ പ്രൗഢിക്ക് അനുസൃതമായി സമാജം അംഗങ്ങളുടെ ആഗ്രഹമെന്നോണം ശ്രീനാരായണഹാൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ തുടർച്ചയായി 60 സ്റ്റീൽ മേശകൾ വാങ്ങിക്കുകയുണ്ടായി. എല്ലാ കസേരകൾക്കും പുതിയ കവർ വാങ്ങിയിടുകയും ചെയ്യുകയുണ്ടായി. ഹാൾ നവീകരിക്കുകയും പുനരുദ്ധാരണപണികൾ ചെയ്തിട്ടും കല്യാണങ്ങൾ വളരെ കുറവ് മാത്രമേ റിപ്പോർട്ട് വർഷത്തിൽ നടന്നിട്ടുള്ളു. കാലോചിതമായ ചില മാറ്റങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്.

**SNBS സമാജം LPസ്കൂൾ**

നമ്മുടെ സമാജത്തിന്റെ അഭിമാനമായ പുല്ലൂർ എസ്.എൻ.ബി.എസ്. സമാജം എൽ.പി.സ്കൂൾ നല്ല രീതിയിൽ നടന്നുവരുന്നു. സമീപ സ്ഥലങ്ങളിലെ പല സ്കൂളുകളിലും ഡിവിഷനുകൾ നഷ്ടപ്പെടുമ്പോൾ പ്രവർത്തനമികവിന്റെ ഫലമായി ഡിവിഷനുകൾ നഷ്ടപ്പെടാതെ നില നിർത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എൽ.കെ.ജി. മുതൽ എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ്മുറികളാക്കി മാറ്റുവാൻ സാധിച്ചിട്ടുണ്ട്. ആയതിലേക്ക് ഈവർഷം 3 ലക്ഷം രൂപ എം.എൽ.എ.ഫണ്ടിൽ നിന്നും ലഭിക്കുകയുണ്ടായി. കൂടാതെ 10 ലക്ഷം രൂപ എം.എൽ.എ.ഫണ്ടിൽ നിന്നും പുതിയ അടുക്കള പണിയുന്നതിലേക്ക് അനുവദിച്ചിട്ടുണ്ട്. ടി. പണി ഇപ്പോൾ പഞ്ചായത്ത് മുഖേന നടന്നുകൊണ്ടിരി

ക്കുന്നു. സ്കൂളിന്റെ ഹാൾ ഉയരം കൂട്ടി മേൽക്കുര പുതുക്കി പണിത് റീപ്ലാസ്റ്ററിംഗ് നടത്തി, ഹാൾ നവീകരിച്ച് കൂടുതൽ സൗകര്യപ്രദവും ആകർഷകവുമാക്കി. ഒന്നാം ക്ലാസിലെ കുട്ടികൾക്ക് സമാജം സൗജന്യ യൂണിഫോമും എസ്.എൻ.വൈ.എസ്. വക ബാഗും കൊടുക്കുകയുണ്ടായി. സാധുക്കളായ എൽ.കെ.ജി., യു.കെ.ജി. കുട്ടികൾക്കും ഫീസ് ആനുകൂല്യങ്ങളും യാത്രസൗജന്യങ്ങളും ചെയ്തുകൊടുക്കുന്നു. ഈ വർഷത്തെ ഉപജില്ല കലോത്സവത്തിൽ രണ്ടാം സ്ഥാനം നമ്മുടെ സ്കൂളിന് ലഭിക്കുകയുണ്ടായി. കേവലം രണ്ട് മാർക്കിന്റെ വ്യത്യാസത്തിലാണ് ഒന്നാം സ്ഥാനം നഷ്ടമായത്. സമ്മാനാർഹരായ എല്ലാ കുട്ടികൾക്കും സമാജം ട്രോഫികൾ സമ്മാനിക്കുകയുണ്ടായി. കലോത്സവത്തിൽ ഉന്നത വിജയം കൈവരിക്കാൻ പ്രയത്നിച്ച ടീച്ചേഴ്സിനും പി.ടി.എ. അംഗങ്ങളോടും രക്ഷിതാക്കളോടും സമാജത്തിനുള്ള കൃതജ്ഞത അറിയിക്കുന്നു. സ്കൂൾ നല്ല രീതിയിൽ നടത്തുന്നതിനും ഡിവിഷനുകൾ നഷ്ടപ്പെടാതെ കുട്ടികളെ നിലനിർത്തുന്നതിനും സ്കൂളിന്റെ അറ്റകുറ്റപണികൾക്കും സ്കൂൾ ഹാൾ നവീകരണപ്രവർത്തനങ്ങൾക്കും ഫീസ് ആനുകൂല്യം, സൗജന്യയാത്രാസൗകര്യം എന്നിവ മൂലം നല്ലൊരു സംഖ്യ സമാജത്തിൽ നിന്നും ചെലവാകുന്നുണ്ട്.

**എസ്.എൻ.വൈ.എസ്. ലൈബ്രറി**

എസ്.എൻ.വൈ.എസ്. ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കോവിഡ് മുഖാന്തിരം നഷ്ടപ്പെട്ട പ്രഭാവം പുതിയ ഭരണസമിതിയുടെ പ്രവർത്തനമികവ് കൊണ്ട് പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞു. ലൈബ്രറിയുടെ അഭിവൃദ്ധിക്കുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും സമാജം കമ്മിറ്റി നല്കി വരുന്നുണ്ട്. ചിത്രരചനമത്സരങ്ങളും, പൂക്കളമത്സരവും, അഖില കേരള പ്രൊഫഷണൽ നാടകോത്സവം എന്നിവ ഗംഭീരമാക്കുവാൻ എസ്.എൻ.വൈ.എസ്.ന്റെ പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ട്.

**ശ്രീനാരായണഗുരുജയന്തി**

171-ാമത് ശ്രീനാരായണഗുരുജയന്തി 2025 സെപ്തംബർ 7-ാം തിയ്യതി ഞായറാഴ്ച ഭക്തിപൂർവ്വം ഗംഭീരമായി ആഘോഷിക്കുകയുണ്ടായി. ഇത്തവണ എസ്.എൻ.ഡി.പി. മുകുന്ദപുരം യൂണിയൻ, എസ്.എൻ.ബി.എസ്.സമാജം, എസ്.എൻ.വൈ.എസ്., മുകുന്ദപുരം എസ്.എൻ.ഡി.പി.യൂണിയനിലെ 1, 2 മേഖലയിലെ ശാഖായോഗങ്ങൾ, ഇരിങ്ങാലക്കുടയിലെ ഇതര ശ്രീനാരായണപ്രസ്ഥാനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ശ്രീനാരായണഗുരുജയന്തി ആഘോഷിച്ചത്. കൃത്യം 4 മണിക്ക് ശ്രീ കൂടൽമാണിക്ക്യം ക്ഷേത്രപരിസരത്ത് നിന്നും ഘോഷയാത്ര താളമേള വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ആരംഭിച്ച് 5 മണിയോടെ ശ്രീ വിശ്വനാഥപുരം ക്ഷേത്രാങ്കണത്തിൽ എത്തിച്ചേർന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം ബഹു.ഉന്നത വിദ്യാഭ്യാസ നീതിന്യായ വകുപ്പ് മന്ത്രി ശ്രീമതി.ആർ.ബിന്ദു. ഉദ്ഘാടനം ചെയ്തു. എസ്.എൻ.ബി.എസ്.സമാജം നടത്തിയ സാഹിത്യ മത്സരത്തിലെ വിജയികൾക്കും എസ്.എൻ.വൈ.എസ്. നടത്തിയ ചിത്രരചനമത്സരത്തിലെ വിജയികൾക്കുമുള്ള സമ്മാനങ്ങളും ക്യാഷ് അവാർഡും ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൻശ്രീമതി.മേരിക്കുട്ടി ജോയ് അവർകൾ വിതരണം ചെയ്യുകയുണ്ടായി. സമ്മേളനാനന്തരം തിരുവാതിരക്കളിയും, വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**ശ്രീനാരായണഗുരു സമാധി ദിനാചരണം**

ശ്രീനാരായണഗുരു സമാധി ദിനാചരണം ക്ഷേത്ര മേൽശാന്തിയുടെ നേതൃത്വത്തിൽ ഗുരുപൂജയും, സമൂഹപ്രാർത്ഥനയും, അന്നദാനവും നടത്തി.

**കാവടിപൂര മഹോത്സവം**

ഈ വർഷത്തെ കാവടി പൂര മഹോത്സവം പ്രതിഷ്ഠാദിനമായ 2026 ജനുവരി 31-ാം തിയ്യതി കൊടികയറി ഫെബ്രുവരി 05 വ്യാഴം കാവടി വരവ്, ഫെബ്രുവരി 06 വെള്ളി പൂരം, പള്ളിവേട്ട ഫെബ്രുവരി 7 ശനിയാഴ്ച ആറാട്ടോടുകൂടി സമാപിച്ചു. ഫെബ്രുവരി 6-ാം തിയ്യതി നടന്ന പൂരമഹോത്സവത്തിന് 5 ഗജവീരന്മാർ അണിനിരന്ന കൂട്ടി എഴുന്നെള്ളിപ്പും, ചേന്ദമംഗലം രഘുമാരാരുടെ നേതൃത്വത്തിലുള്ള പാണ്ടിമേളവും ഉണ്ടായിരുന്നു. കാവടി പൂരമഹോത്സവത്തിന് മൂവായിരത്തിൽ അധികം പേർക്ക് അന്നദാനം നടത്തുകയുണ്ടായി. സമാജം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രശംസനീയമായ ബഹുജന പങ്കാളിത്തത്തോടുകൂടി നിർമ്മിച്ച ബഹുനില അലങ്കാര പന്തൽ ഏറെ ശ്രദ്ധ ആകർഷിച്ചു. ഇപ്രാവശ്യത്തെ കാവടി പൂര മഹോത്സവത്തിൽ ഒന്നാം സ്ഥാനം ടൗൺ പടിഞ്ഞാട്ടുമുറി വിഭാഗത്തിനും രണ്ടാം സ്ഥാനം കോമ്പാറ വിഭാഗത്തിനും, ഏറ്റവും നല്ല പൂക്കാവടി സെറ്റിനും അച്ചടക്കത്തിനും ടൗൺ പടിഞ്ഞാട്ടുമുറി വിഭാഗത്തിനും, ഏറ്റവും നല്ല

ഗോപുരക്കാവടി കോമ്പാറ വിഭാഗത്തിനും സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി. കാവടിദിവസം വൈകീട്ട് 6 മുതൽ 7.30 വരെ ത്രിനേത്രം ഭജൻസ് ചാലക്കുടി അവതരിപ്പിച്ച ഭജൻസന്ധ്യയും, 7.30 മുതൽ 9.30 വരെ നൃത്തസന്ധ്യ, അതിനു ശേഷം 9.30 മുതൽ കാഥികൻ സുഗതൻ പൊറത്തിശ്ശേരി അവതരിപ്പിച്ച കഥാപ്രസംഗം എന്നിവ നടത്തുകയുണ്ടായി. കാവടി പൂരമഹോത്സവം വളരെ ഭംഗിയായി നടത്തുവാൻ സഹകരിച്ച പ്രാദേശിക ഉത്സവാഘോഷ കമ്മിറ്റിക്കാർക്കും, എസ്.എൻ.വൈ.എസ്. പ്രവർത്തകർ, സമാജം സ്റ്റാഫ്, പോലീസ് ഉദ്യോഗസ്ഥർ, ദൃശ്യ മാധ്യമ പ്രവർത്തകർ, സമാജം സ്നേഹികളായ മറ്റു എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

**ചാരിറ്റി**

സമാജത്തിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ, ചികിത്സാസഹായം മുതലായവ നടത്തിയിരുന്നു. നമ്മുടെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠിക്കുന്നതിന് പുസ്തകങ്ങൾ യൂണിഫോം കൂടാതെ പാവപ്പെട്ട കുട്ടികൾക്ക് വാഹനസൗകര്യം എന്നിവ നടത്തിവരുന്നു.

**ശ്മശാനം**

ശ്മശാനം നല്ല രീതിയിൽ എല്ലാവർക്കും ഉപകാരപ്രദമാകും വിധം നടന്നു വരുന്നു. ചുറ്റുമതിൽ ഇടിഞ്ഞു കിടക്കുന്നത് നന്നാക്കുവാൻ ഭീമമായ സംഖ്യ വരുന്നതിനാൽ മുനിസിപ്പൽ അധികാരികളുടെ സഹായത്തോടെ നടത്തുവാൻ ശ്രമിച്ചുവരുന്നു.

**മറ്റ് കാര്യങ്ങൾ**

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരോടും യഥാസമയങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും കണക്കുകൾ കൃത്യസമയത്ത് ഓഡിറ്റ് ചെയ്ത് തന്ന ഓഡിറ്റേഴ്സിനോടും എസ്.എൻ.വൈ.എസ്., പ്രാദേശിക ഉത്സവാഘോഷകമ്മിറ്റി ഭാരവാഹികൾ ക്ഷേത്രം ശാന്തിമാർ, പത്ര - ദൃശ്യ മാധ്യമ പ്രവർത്തകരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ പ്രവർത്തനറിപ്പോർട്ട് മാന്യ സമാജം മെമ്പർമാരുടെ ചർച്ചക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

ഇരിങ്ങാലക്കുട
30 - 05 - 2026

(ഒപ്പ്)
**വിശ്വംഭരൻ മുക്കുളം**
(സെക്രട്ടറി)

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
# ക്ഷേത്രഭരണം 2025 – 26 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| ഹാൾ ചിലവ് | 274149 | 00 | ഹാളിൽ നിന്നും വരവ് | 1406000 | 00 |
| പൂജ | 1026152 | 00 | പൂജ | 1932295 | 00 |
| ഷഷ്ഠി | 2015006 | 00 | ഭണ്ഡാരം വരവ് | 398392 | 00 |
| ജയന്തി & സമാധി | 235531 | 00 | ഷഷ്ഠി | 1606222 | 00 |
| പറമ്പു സംരക്ഷണം | 57230 | 00 | നടവരവ് | 743975 | 00 |
| പ്രിന്റിംഗ് & സ്റ്റേഷനി | 23292 | 00 | പലിശ | 2749 | 00 |
| വിദ്യാഭ്യാസ ചിലവുകൾ | 7470 | 00 | പറമ്പാദായം | 196850 | 00 |
| പലവക | 12123 | 00 | വാടക | 537600 | 00 |
| ചാരിറ്റി | 248301 | 00 | വിവാഹസംഭാവന | 10800 | 00 |
| നികുതി | 15192 | 00 | സംഭാവന | 142793 | 00 |
| ലൈസൻസ് ഫീ & ടാക്സ് | 667637 | 00 | മെമ്പർഷിപ്പ് ഫീസ് | 15960 | 00 |
| പൊതുയോഗം | 67579 | 00 | | | |
| ഓഡിറ്റ് ഫീസ് | 45000 | 00 | | | |
| ബോണസ്സ് | 18616 | 00 | | | |
| സ്വീകരണം | 9940 | 00 | | | |
| സ്റ്റാഫ് & സബ്ബ്സ്ക്രൈബേഴ്സ് വെൽഫെയർ | 20426 | 00 | | | |
| ലൈബ്രറി | 36287 | 00 | | | |
| ശമ്പളം & അലവൻസ് | 449700 | 00 | | | |
| യാത്രാചെലവ് | 1580 | 00 | | | |
| പ്രൊവിഡന്റ് ഫണ്ട് | 22921 | 00 | | | |
| സ്വീപ്പിംഗ് | 197350 | 00 | | | |
| സ്പോർട്സ് | 12561 | 00 | | | |
| റിപ്പയർ & മെയിന്റനൻസ് | 583635 | 00 | | | |
| ഇൻഷൂറൻസ് | 22896 | 00 | | | |
| തേയ്മാനം | 826932 | 42 | | | |
| ലാഭം | 96129 | 58 | | | |
| | **6993636** | **00** | | **6993636** | **00** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം 31–03–2026 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 14512570 | 86 | വസ്തുവഹകൾ, ബിൽഡിംഗ് മുതലായവ | 9968687 | 75 |
| കുറി അക്കൗണ്ട് | 969403 | 63 | ഡെപ്പോസിറ്റ് സൗത്ത് ഇന്ത്യൻ ബാങ്ക് | 201101 | 00 |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 200000 | 00 | SNBS സമാജം LPസ്കൂൾ | 12279718 | 90 |
| വാടക അഡ്വാൻസ് | 345000 | 00 | ബാങ്ക് ബാലൻസ് | 122995 | 42 |
| ശ്മശാന നവീകരണ കമ്മിറ്റി | 6291282 | 00 | കയ്യിരിപ്പ് | 6462 | 42 |
| വിവാഹവാർഷിക ദമ്പതിപൂജ | 211827 | 00 | | | |
| ജന്മനക്ഷത്രപൂജ ഫണ്ട് | 2002 | 00 | | | |
| പ്രൊവിഡന്റ് ഫണ്ട് | 2680 | 00 | | | |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ്സ് | 44200 | 00 | | | |
| **ആകെ** | **22578965** | **49** | **ആകെ** | **22578965** | **49** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## കുറി 2025 – 2026 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| കറന്റ് ചാർജ്ജ് | 18379 | 00 | പലിശ | 90411 | 00 |
| ടെലഫോൺ ചാർജ്ജ് | 8506 | 40 | | | |
| ബാങ്ക് ചാർജ്ജ് | 1477 | 36 | | | |
| പ്രൊഫഷണൽ ടാക്സ് | 4175 | 00 | | | |
| യാത്ര ചെലവ് | 1250 | 00 | | | |
| തേയ്മാനം | 14305 | 05 | | | |
| ലാഭം | 42318 | 19 | | | |
| ആകെ | 90411 | 00 | | 90411 | 00 |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
# കുറി 2025–2026 ലെ മുതൽ കടംസ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1934595 | 54 | ഫർണീച്ചർ, വാൻ, ജനറേറ്റർ മുതലായവ | 101002 | 68 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 969403 | 63 |
| വിദ്യാഭ്യാസ ഫണ്ട് | 20594 | 00 | റെന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് (പി.എ.മാണിക്ക്യൻ) | 27548 | 00 | വിദ്യാഭ്യാസ ഫണ്ട് | 20000 | 00 |
| എൻഡോവ്മെന്റ് (തറയിൽ കൃഷ്ണൻകുട്ടി) | 8127 | 00 | എന്റോവ്മെന്റ് | 28673 | 00 |
| ഡെയ്‌ലി കളക്ഷൻ | 170703 | 49 | ബാങ്ക് ഡെപ്പോസിറ്റ് | 2026152 | 00 |
| കുറി അക്കൗണ്ട് | 1997750 | 39 | ബാങ്ക് ബാലൻസ് | 327503 | 48 |
| | | | ഇൻകം ടാക്സ് പിടിച്ചത് | 678813 | 53 |
| | | | പലിശ കിട്ടാനുള്ളത് | 48456 | |
| | | | കയ്യിരിപ്പ് | 5650 | 72 |
| **ആകെ** | **4206555** | **04** | **ആകെ** | **4206555** | **04** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
## കുറി ബഡ്ജറ്റ് 2026–2027 വരവ്

| | ഇനവിവരം | 2025-26ലേക്ക് പ്രതീക്ഷിച്ചത് | | 2025-26ലെ അസ്സൽവരവ് | | 2026-27ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | പലിശ | 120000 | 00 | 90411 | 00 | 125000 | 00 |
| | | **120000** | **00** | **90411** | **44** | **125000** | **00** |

## ചിലവ്

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | കറന്റ് ചാർജ്ജ് | 28000 | 00 | 18379 | 00 | 30000 | 00 |
| 2. | ടെലഫോൺ ചാർജ്ജ് | 12000 | 00 | 8506 | 40 | 10000 | 00 |
| 3. | ബാങ്ക് ചാർജ്ജ് | 5000 | 00 | 1477 | 36 | 5000 | 00 |
| 4. | പ്രൊഫഷണൽ ടാക്സ് | 6000 | 00 | 4175 | | 6500 | 00 |
| 5. | യാത്ര ചെലവ് | 3000 | 00 | 1250 | | 3500 | 00 |
| 6. | പോസ്റ്റേജ് | 2000 | 00 | | | 2000 | 00 |
| 7. | ലിറ്റിഗേഷൻ ചാർജ്ജ് | 5000 | 00 | | | 5000 | 00 |
| 8. | തേയ്മാനം | 25000 | 00 | 14305 | 05 | 25000 | 00 |
| 9. | നീക്കിയിരിപ്പ് | 34000 | 00 | 42318 | 19 | 38000 | 00 |
| | **ആകെ** | **120000** | **00** | **90411** | **00** | **125000** | **00** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
# ക്ഷേത്രഭരണം ബഡ്ജറ്റ് 2026 – 2027 വരവ്

| | ഇനവിവരം | 2025-26 ലേക്ക് പ്രതീക്ഷിച്ചത് | | 2025-26ലെ അസ്സൽ വരവ് | | 2026-27ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഹാളിൽ നിന്നും വരവ് | 2000000 | 00 | 1406000 | 00 | 2000000 | 00 |
| 2. | നടവരവ് | 800000 | 00 | 743975 | 00 | 850000 | 00 |
| 3. | ഭണ്ഡാരം വരവ് | 750000 | 00 | 398392 | 00 | 750000 | 00 |
| 4. | സംഭാവന | 300000 | 00 | 142793 | 00 | 325000 | 00 |
| 5. | വിവാഹസംഭാവന | 50000 | 00 | 10800 | 00 | 55000 | 00 |
| 6. | പറമ്പാദായം | 500000 | 00 | 196850 | 00 | 325000 | 00 |
| 7. | വാടക | 600000 | 00 | 537600 | 00 | 900000 | 00 |
| 8. | പലിശ | 10000 | 00 | 2749 | 00 | 10000 | 00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 15750 | 00 | 15960 | 00 | 15750 | 00 |
| 10. | ഷഷ്ഠി | 1500000 | 00 | 1606222 | 00 | 1800000 | 00 |
| 11 | പൂജ | 1350000 | 00 | 1932295 | 00 | 2000000 | 00 |
| | **ആകെ** | **7875750** | **00** | **6993636** | **00** | **9030750** | **00** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
# ക്ഷേത്രഭരണം ബഡ്ജറ്റ് 2026 – 2027 ചിലവ്

| | ഇനവിവരം | 2025-26 ലേക്ക് പ്രതീക്ഷിച്ചത് | | 2025-26 ലെ അസ്സൽചെലവ് | | 2026-27ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഷഷ്ഠി | 1850000 | 00 | 2015006 | 00 | 2300000 | 00 |
| 2. | പൂജ | 1100000 | 00 | 1026152 | 00 | 1250000 | 00 |
| 3. | ജയന്തി & സമാധി | 300000 | 00 | 235531 | 00 | 425000 | 00 |
| 4. | ഹാൾ ചെലവ് | 350000 | 00 | 274149 | 00 | 350000 | 00 |
| 5. | പറമ്പു സംരക്ഷണം | 100000 | 00 | 57230 | 50 | 100000 | 00 |
| 6. | പ്രിന്റിംഗ് & സ്റ്റേഷനറി | 25000 | 00 | 23292 | 00 | 35000 | 00 |
| 7. | വിദ്യാഭ്യാസ ചെലവുകൾ | 25000 | 00 | 7470 | 00 | 25000 | 00 |
| 8. | പലവക | 30000 | 00 | 12123 | 00 | 35000 | 00 |
| 9. | ചാരിറ്റി | 250000 | 00 | 248301 | 00 | 300000 | 00 |
| 10. | ഇൻഷൂറൻസ് | 30000 | 00 | 22896 | 00 | 30000 | .... |
| 11. | ലൈസൻസ് ഫീ & ടാക്സ് | 15000 | 00 | 667637 | 00 | 100000 | 00 |
| 12. | നികുതി | 30000 | 00 | 15192 | 00 | 30000 | 00 |
| 13. | ബാങ്ക് ചാർജ്ജ് | 1000 | | | | 1000 | 00 |
| 14. | പൊതുയോഗം | 150000 | 00 | 67579 | 00 | 200000 | 00 |
| 15. | ഓഡിറ്റ് ഫീസ് | 50000 | 00 | 45000 | 00 | 55000 | 00 |
| 16. | ബോണസ്സ് | 30000 | 00 | 18616 | 00 | 30000 | 00 |
| 17. | സ്വീകരണം | 15000 | 00 | 9940 | 00 | 15000 | 00 |
| 18. | തിരഞ്ഞെടുപ്പ് | | 00 | | | 300000 | 00 |
| 19. | പോസ്റ്റേജ് | 1500 | | | | 1500 | 00 |
| 20. | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫയർ | 60000 | 00 | 20426 | 00 | 30000 | 00 |
| 21. | ലൈബ്രറി | 75000 | 00 | 36287 | 00 | 75000 | 00 |
| 22. | ശമ്പളം & അലവൻസ് | 500000 | 00 | 449700 | 00 | 525000 | 00 |
| 23. | യാത്ര | 3000 | | 1580 | 00 | 3000 | 00 |
| 24. | പ്രൊവിഡന്റ് ഫണ്ട് | 35000 | 00 | 22921 | 00 | 40000 | 00 |
| 25. | സ്വീപ്പിംഗ് | 250000 | 00 | 197350 | 00 | 250000 | 00 |
| 26. | സ്പോർട്സ് | 25000 | 00 | 12561 | 00 | 25000 | 00 |
| 27. | റിപ്പയർ & മെയിന്റനൻസ് | 800000 | 00 | 583635 | 00 | 850000 | 00 |
| 28. | പ്രൊഫഷണൽ ചാർജ്ജ് | 25000 | 00 | | | 25000 | 00 |
| 29. | തേയ്മാനം | 1100000 | 00 | 826932 | 42 | 1100000 | 00 |
| 30. | അധിക ചെലവ് /നീക്കിയിരിപ്പ് | 650250 | 00 | 96129 | 58 | 525250 | 00 |
| | **ആകെ** | **7875750** | **00** | **6993636** | **00** | **9030750** | **00** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
# ക്ഷേത്രഭരണം സപ്ലിമെന്ററി ബഡ്ജറ്റ് 2025 – 2026

| | ഇനവിവരം | 2025 - 26 ലേക്ക് പ്രതീക്ഷിച്ചത് | | 2025 - 26ലെ അസ്സൽചെലവ് | | 2025 - 26ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | ഷഷ്ഠി | 1850000 | 00 | 2015006 | 00 | 165006 | 00 |
| 2. | ലൈസൻസ് ഫീ & ടാക്സ് | 15000 | 00 | 667637 | 00 | 652637 | 00 |
| | | 1865000 | 00 | 2682643 | 00 | 817643 | 00 |